## മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ നടപടി ക്രമം

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് - സേവനകാര്യം - മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ നഴ്സിംഗ് സൂപ്രണ്ട് ഗ്രേഡ് II സ്ഥലം മാറ്റം പരിഷ്ക്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൂചന: 1) ജെ3 നം. 13000/2018/മെ.വി.വ. തീയതി: 02/08/2018
2) ശ്രീമതി. സുഭദ്രാദേവി.സി യുടെ 08/06/2018 ലെ അപേക്ഷ
3) ശ്രീമതി. സാലി ജോസഫിന്റെ 27/6/2018 ലെ അപേക്ഷ.

**ഉത്തരവ് നമ്പർ ജെ3/13000/2018/മെ.വി.കാ. തീയതി: 04.08.2018**

സൂചന ഉത്തരവ് പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ നഴ്സിംഗ് സൂപ്രണ്ട് ഗ്രേഡ് II തസ്തികയിലെ സ്ഥലംമാറ്റത്തിന്റെയും സ്ഥാനക്കയറ്റത്തിന്റെയും ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവിലെ സ്ഥലംമാറ്റത്തിൽ സൂചിപ്പിച്ചിരിക്കുന്ന ക്രമ നമ്പർ 6-ാമതായിട്ടുള്ള ശ്രീമതി. സാലി ജോസഫിന്റെ സ്ഥലംമാറ്റം റദ്ദ് ചെയ്യുന്നതിനോടൊപ്പം പരിഷ്ക്കരിച്ച സ്ഥലംമാറ്റ ഉത്തരവ് താഴെപ്പറയും വിധം പുറപ്പെടുവിക്കുന്നു.

കോട്ടയം ഗവ. മെഡിക്കൽ കോളേജിലെ ഗ്രേഡ് II നഴ്സിംഗ് സൂപ്രണ്ടായ ശ്രീമതി.സുഭദ്രാദേവി സി. യെ കോഴിക്കോട് ഗവ. മെഡിക്കൽ കോളേജിലെ ഗ്രേഡ് II നഴ്സിംഗ് സൂപ്രണ്ടായ ശ്രീമതി. എൽസമ്മ മാത്യു സ്ഥാനക്കയറ്റം നേടിയ ഒഴിവിലേയ്ക്ക് നിയമിച്ച് ഉത്തരവാകുന്നു. എറണാകുളം ഗവ. മെഡിക്കൽ കോളേജിലെ ഗ്രേഡ് II നഴ്സിംഗ് സൂപ്രണ്ടായ ശ്രീമതി. സാലി ജോസഫിനെ കോട്ടയം ഗവ. മെഡിക്കൽ കോളേജിലെ ഗ്രേഡ് II നഴ്സിംഗ് സൂപ്രണ്ടായ ശ്രീമതി. സുഭദ്രാദേവി സി. യെ സ്ഥലംമാറ്റം നൽകിയ ഒഴിവിലേക്ക് നിയമിച്ച് ഇതിനാൽ ഉത്തരവാകുന്നു.

ടി ഉദ്യോഗസ്ഥരുടെ പ്രവേശന/വിടുതൽ ഉത്തരവ് പ്രിൻസിപ്പാൾമാർ യഥാസമയം ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്. അതാത് സർക്കാർ മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾമാർ ഈ ഉത്തരവിന്റെ പകർപ്പ് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഒപ്പ്.
ഡോ. ശ്രീകുമാരി.കെ
ഡയറക്ടർ ഇൻചാർജ്ജ്

സ്വീകർത്താവ്
ബന്ധപ്പെട്ട ജീവനക്കാർക്ക്.
(അതാത് പ്രിൻസിപ്പാൾ മുഖേന)

പകർപ്പ്:
1. വെബ്സൈറ്റ്
2. പ്രിൻസിപ്പാൾ, ഗവൺമെന്റ് മെഡിക്കൽ കോളേജ്, കോട്ടയം, എറണാകുളം, കോഴിക്കോട്
3. ബന്ധപ്പെട്ട മെഡിക്കൽ കോളേജ് ആശുപത്രി സൂപ്രണ്ടുമാർക്ക്
4. ഫയൽ/കരുതൽ ഫയൽ/റെക്കോർഡ്സ്

ഉത്തരവിൻ പ്രകാരം

അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്

*എസ്സാർജെ.4/8/18*